എ.വൈ.ആർ

# സൂറ – 30 / അർറൂം

## സൂക്തം: 32 – 36

ശിലാവിഗ്രഹങ്ങളും പ്രതിഷ്ഠകളും മൺമറഞ്ഞ സിദ്ധന്മാരും മനുഷ്യരോട് ഒന്നും കൽപിക്കുന്നില്ല. അവ പൂജാ വഴിപാടുകളിലും ഉത്സവ കോലാഹലങ്ങളിലും പ്രസാദിച്ച് തങ്ങളുടെ ഭക്തന്മാരെ സംരക്ഷിച്ചുകൊള്ളും. ശരി, നിങ്ങൾ ഇങ്ങനെ വ്യാമോഹിച്ച് ഭൗതിക സുഖഭോഗങ്ങൾ ആവോളം ആസ്വദിച്ചു വാണുകൊള്ളുക. ആ വാഴ്‌വിന്റെ യാഥാർഥ്യവും അനന്തരഫലവും ഈ ജീവിതം അവസാനിക്കുന്നതോടെ നിങ്ങൾ അറിയുന്നുണ്ട് എന്ന് താക്കീതു ചെയ്യുകയാണ് فَسَوۡفَ تَعۡلَمُونَ എന്ന വാക്യം. പഠിക്കാൻ കൂട്ടാക്കാത്ത കുട്ടിയോട് അധ്യാപകൻ 'നന്നായി കളിച്ചു നടന്നോ, പരീക്ഷ വന്നാലറിയാം' എന്നു പറയുന്നതുപോലൊരു ശൈലിയാണിത്.



مِنَ الَّذِينَ فَرَّقُوا دِينَهُمْ وَكَانُوا شِيَعًا ۖ كُلُّ حِزْبٍ بِمَا لَدَيْهِمْ فَرِحُونَ ﴿٣٢﴾

32. അതായത് സ്വന്തം മതത്തെ പിളർത്തുകയും പല കക്ഷികളായി ഭിന്നിക്കുകയും ചെയ്തവരുടെ കൂട്ടത്തിൽ. ഓരോ കക്ഷിയും അവരുടെ പക്കലുള്ളതിൽ നിഗളിക്കുന്നു.

مِنَ الَّذِينَ فَرَّقُوا دِينَهُمْ = അവരുടെ മതത്തെ പിളർത്തിയവരിൽ പെട്ടവർ (അതായത് സ്വന്തം മതത്തെ പിളർത്തുകയും)
وَكَانُوا شِيَعًا = അവർ പല കക്ഷികളാവുകയും (ളായി ഭിന്നിക്കുകയും ചെയ്തവരുടെ കൂട്ടത്തിൽ)
كُلُّ حِزْبٍ = എല്ലാ (ഓരോ പാർട്ടിയും) കക്ഷിയും
بِمَا لَدَيْهِمْ = അവരുടെ പക്കലുള്ള(തിൽ)തുകൊണ്ട് فَرِحُونَ = നിഗളിക്കുന്ന(ന്നു) വരാകുന്നു

അകലം പാലിക്കാൻ അല്ലാഹു വിശ്വാസികളോടാവശ്യപ്പെട്ട ശിർക്ക് എന്താണെന്നും മുശ്‌രിക്കുകൾ ആരാണെന്നും വ്യക്തമാക്കുകയാണ്. ദൈവം അനുശാസിച്ച അടിസ്ഥാന ധർമവ്യവസ്ഥ ഒന്നാണ്; എല്ലാ പ്രവാചകന്മാരും പ്രബോധനം ചെയ്തുകൊണ്ടിരുന്ന ദീനുൽ ഇസ്‌ലാം. കാലക്രമത്തിൽ പൈശാചിക ദുർബോധനങ്ങളാൽ പ്രചോദിതരായ ആളുകൾ യഥാർഥ ദീനിൽ ഭിന്നിക്കുകയും അതിൽ തങ്ങൾക്കിഷ്ടപ്പെട്ട ഭാഗങ്ങൾ മാത്രം സ്വീകരിച്ച് പലപല മതവിഭാഗങ്ങളായി മാറുകയും ചെയ്തു കൊണ്ടിരുന്നു. തങ്ങളാവിഷ്കരിച്ച മതത്തിലും അതിന്റെ ശക്തിയിലും സ്വാധീനത്തിലും ഓരോ മതവിഭാഗവും ഊറ്റം കൊള്ളുന്നു. ഇങ്ങനെ മതത്തെ ഭിന്നിപ്പിക്കുകയും കക്ഷികളായി പിരിയുകയും ചെയ്യുന്നത് ശിർക്ക് ആകുന്നു. അതു ചെയ്യുന്നവർ മുശ്‌രിക്കുകളും. ഉദാഹരണമായി, ഇബ്‌റാഹീം (അ) പ്രബോധനം ചെയ്ത യഥാർഥ ദീനിന്റെ -ഇസ്‌ലാമിന്റെ -വാഹകരായിരുന്നു ഖുറൈശികൾ. തലമുറകൾ പിന്നിട്ടപ്പോൾ ഇബ്‌റാഹീമീ മതത്തിലെ പ്രഥമപ്രധാന തത്ത്വമായ ഏകദൈവവിശ്വാസം അവർ കൈവെടിഞ്ഞു. പകരം ബഹുദൈവവിശ്വാസവും വിഗ്രഹാരാധനയും സ്വീകരിച്ചു. ഇബ്‌റാഹീം (അ) നിർമിച്ച കഅ്ബയോടുള്ള ആദരവും അദ്ദേഹം ആഹ്വാനം ചെയ്ത ഹജ്ജ് കർമം പോലുള്ള അനുഷ്ഠാനങ്ങളും നിലനിർത്തുകയും ചെയ്തു. ഇബ്‌റാഹീമീ ദീനിന്റെ ആത്മാവ് ചോർത്തിക്കളഞ്ഞ് ചില ബാഹ്യ ചടങ്ങുകൾ അനുഷ്ഠിക്കുക മാത്രം ചെയ്തുകൊണ്ട് ഇബ്‌റാഹീമീ ആദർശപൈതൃകത്തിന്റെ സൂക്ഷിപ്പുകാരെന്ന് ഊറ്റം കൊള്ളുകയായിരുന്നു അവർ. ഇബ്‌റാഹീമീ ദീനിന്റെയും സംസ്കാരത്തിന്റെയും വാഹകരെന്ന് ഊറ്റം കൊള്ളുന്നവരാണ് യഹൂദ മതക്കാരും. ഇബ്‌റാഹീം നബി പ്രബോധനം ചെയ്ത ഏകദൈവവിശ്വാസത്തെ തത്ത്വത്തിൽ അവർ നിഷേധിക്കുന്നില്ല. പക്ഷേ, തങ്ങൾ ആ ഏകദൈവത്തിന്റെ മക്കളും ഇഷ്ടക്കാരുമാണെന്നും അതുകൊണ്ട് ജന്മനാ സ്വർഗാവകാശികളാണെന്നും വാദിച്ചു. സത്യവും ധർമവും നീതിയുമൊക്കെ തങ്ങൾക്കിടയിൽ മാത്രം പാലിക്കേണ്ടതാണ്. വിജാതീയരോട് അതൊന്നും പാലിക്കാൻ തങ്ങൾ ബാധ്യസ്ഥരല്ല. ഇബ്‌റാഹീ(അ)മിന്റെ തന്നെ സന്തതികളായ ഇസ്മാഈല്യരോടു പോലും തങ്ങൾക്ക് ധാർമികമായ

ഒരു ഉത്തരവാദിത്തവുമില്ല. അവരോട് എന്തു ചെയ്താലും ദൈവം ചോദിക്കുകയില്ല! ശരീഅത്തിന്റെ കാര്യത്തിൽ അവരുടെ പുരോഹിതന്മാർ ദൈവങ്ങളാക്കപ്പെടുകയും ചെയ്തു. ക്രിസ്ത്യാനികളും അടിസ്ഥാനപരമായി ഇബ്റാഹീമീ മതത്തിന്റെ പിന്മുറക്കാരാണ്. ഇബ്റാഹീം (അ) പ്രബോധനം ചെയ്ത തത്ത്വങ്ങൾ തന്നെയാണ് ഈസാ(അ)യും പ്രബോധനം ചെയ്തത്. പക്ഷേ ഈസാ(അ)ക്കു ശേഷം ശിഷ്യന്മാർ ഏകദൈവത്വത്തെ ത്രിയേകത്വമാക്കി മാറ്റി. അദ്ദേഹം തന്നെ ദൈവവും ദൈവപുത്രനുമായി ആരാധിക്കപ്പെട്ടു. ഇങ്ങനെ അടിസ്ഥാന ദൈവിക ദീനായ ഇസ്ലാമിൽനിന്ന് ഭിന്നിച്ചുണ്ടായതാണ് ലോകത്തുള്ള ബഹുദൈവ മതങ്ങളൊക്കെയും. സത്യദീനിൽനിന്ന് ഭിന്നിച്ചുണ്ടായ ഓരോ മതത്തിലും വിശ്വാസാചാരങ്ങളിൽ വൈവിധ്യം പുലർത്തുന്ന അനേകം അവാന്തര വിഭാഗങ്ങൾ വേറെയുമുണ്ടായി. ഭിന്നിപ്പും വിഭാഗീയതയും പുലർത്തുന്ന ധാരാളം കക്ഷികൾ ഇന്ന് മുസ്ലിം സമുദായത്തിലുമുണ്ട്. അവയിൽ ചിലത് ഇസ്ലാമിന്റെ മൗലികാദർശമായ ഏകദൈവ വിശ്വാസത്തിൽ പോലും മായം ചേർത്തവരാണ്. അല്ലാഹു ഏകനും സർവശക്തനുമാണെങ്കിലും അവന്റെ പ്രീതിക്കു ഭാജനങ്ങളായ അമ്പിയാ-ഔലിയാക്കൾക്കും മനുഷ്യരുടെ ഭാഗധേയം നിശ്ചയിക്കാനും പ്രാർഥനകൾ സാധിച്ചുകൊടുക്കാനും കഴിവുണ്ടെന്നും അതിനാൽ അല്ലാഹുവിനോടെന്ന പോലെ അവരോടും പ്രാർഥിക്കുമെന്നും അവർക്കു വേണ്ടി നേർച്ച വഴിപാടുകളർപ്പിക്കാമെന്നും അക്കൂട്ടർ വാദിക്കുന്നു. എന്നാൽ ദീനീ പ്രമാണങ്ങൾ വ്യാഖ്യാനിക്കുന്നതിലും ശരീഅത്തിന്റെ അതതു കാലത്തെ പ്രയോഗരൂപങ്ങൾ ആവിഷ്കരിക്കുന്നതിലും ഉണ്ടാകുന്ന അഭിപ്രായാന്തരങ്ങൾ ഇവിടെ പരാമർശിച്ച ദീനിനെ ഭിന്നിപ്പിക്കലിൽ പെടുന്നില്ല. വിവിധ ദീനീ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിനു വേണ്ടി വെവ്വേറെ സംഘങ്ങളായി പ്രവർത്തിക്കുന്നതും ഇപ്രകാരം തന്നെ. ഇത്തരം അഭിപ്രായാന്തരങ്ങളും സംഘ വൈവിധ്യങ്ങളും ഇസ്ലാമിന്റെ കാലോചിതമായ വികാസമാകുന്നു. ഇത്തരം സംഘങ്ങൾക്കിടയിൽ ദീനിന്റെ മൗലിക തത്ത്വങ്ങളിൽ ഭിന്നതയില്ല. പ്രമാണങ്ങൾ വ്യാഖ്യാനിക്കുന്ന രീതിയിലും പ്രയോഗിക്കുന്ന രൂപത്തിലുമായിരിക്കും വൈവിധ്യം. ഈ വൈവിധ്യങ്ങൾ പരസ്പരം മാനിക്കുകയും സഹകരിക്കുകയും ചെയ്യുന്നിടത്തോളം ഗുണകരമാകുന്നു. അഭിപ്രായാന്തരങ്ങൾ പരസ്പരം കാഫിറാക്കലിലും സലാം ചൊല്ലുന്നതിന്റെയും നമസ്കാരത്തിൽ തുടരുന്നതിന്റെയും നിരോധനത്തിലും എത്തുമ്പോഴാണ് അത് ദീനിനെ ഭിന്നിപ്പിച്ച് വിരുദ്ധ കക്ഷികളായി പിരിയൽ ആകുന്നത്.

ഓരോ കക്ഷിയും അവരുടെ പക്കലുള്ളതിൽ നിഗളിക്കുന്നു- كُلُّ حِزْبٍ بِمَا لَدَيْهِمْ فَرِحُونَ എന്ന വാക്യത്തിന്റെ താൽപര്യമിതാണ്: തങ്ങൾ ആചരിച്ചുവരുന്ന വിശ്വാസങ്ങളും ആചാരങ്ങളും എത്ര ജീർണമാണെങ്കിലും അത് വിശുദ്ധ ദേശീയ പൈതൃകവും ലോകോത്തര സംസ്കാരവുമാണെന്ന് ഊറ്റം കൊള്ളുന്നു. അതല്ലാത്തതൊക്കെയും അധമവും അധർമവുമാണെന്നും കരുതുന്നു. ഓരോ കക്ഷിയും തങ്ങൾക്ക് ഉണ്ടെന്ന് കരുതുന്ന അധികാരത്തിലും സ്വാധീനത്തിലും അഭിമാനം കൊള്ളുന്നു. ഈ വിഷയം നേരത്തേ സൂറ *അൽമുഅ്മിനൂൻ* 53-ാം സൂക്തത്തിലും അതിനു മുമ്പ് *അൽ അൻആം* 159-ാം സൂക്തത്തിലും പരാമർശിച്ചിരിക്കുന്നു. കൂടുതൽ വിശദമായ ചർച്ച *ഖുർആൻ ബോധനം* പ്രസ്തുത സൂക്തങ്ങൾക്കു താഴെ കാണുക. ●

---

وَإِذَا مَسَّ النَّاسَ ضُرٌّ دَعَوْا رَبَّهُم مُّنِيبِينَ إِلَيْهِ ثُمَّ إِذَا أَذَاقَهُم مِّنْهُ رَحْمَةً إِذَا فَرِيقٌ مِّنْهُم بِرَبِّهِمْ يُشْرِكُونَ ﴿٣٣﴾

33. മനുഷ്യരെ ഒരു ദുരിതം ബാധിച്ചാൽ അവർ വിനീതവിധേയരായി യഥാർഥ വിധാതാവിങ്കലേക്ക് മടങ്ങിക്കൊണ്ട് പ്രാർഥിക്കുന്നു. എന്നിട്ട് വിധാതാവ് അവങ്കൽനിന്നുള്ള കാരുണ്യം അവരെ രുചിപ്പിച്ചാലോ, അവരിലൊരു വിഭാഗമതാ വിധാതാവിന് പങ്കാളികളെ ചേർക്കുകയായി-

لِيَكْفُرُوا بِمَا آتَيْنَاهُمْ ۚ فَتَمَتَّعُوا فَسَوْفَ تَعْلَمُونَ ﴿٣٤﴾

34. നാം അവർക്ക് അരുളിയ അനുഗ്രഹത്തോട് നന്ദി കെട്ടവരാകാൻ. ശരി, ആസ്വദിച്ചുകൊള്ളുവിൻ; യാഥാർഥ്യം പിറകെ നിങ്ങൾ അറിയുന്നുണ്ട്.

**33,34**

മനുഷ്യരെ സ്പർശിച്ചാൽ (ബാധിച്ചാൽ)= وَإِذَا مَسَّ النَّاسَ

അവർ അവരുടെ (യഥാർഥ) വിധാതാവിനോട് പ്രാർഥിക്കുന്നു = دَعَوْا رَبَّهُمْ ഒരു ദുരിതം, പീഡ = ضُرٌّ

(വിനീതവിധേയരായി) അവനിലേക്കു മടങ്ങിക്കൊണ്ട്= مُّنِيبِينَ إِلَيْهِ

എന്നിട്ട് അവൻ അവരെ രുചിപ്പിച്ചാൽ(ച്ചാലോ)= ثُمَّ إِذَا أَذَاقَهُم

അപ്പോൾ അവരിലൊരു വിഭാഗമതാ= إِذَا فَرِيقٌ مِّنْهُم അവങ്കൽനിന്നുള്ള അനുഗ്രഹം= مِّنْهُ رَحْمَةً

അവരുടെ വിധാതാവിനു പങ്കു ചേർക്കുന്നു (പങ്കാളികളെ ചേർക്കുകയായി)= بِرَبِّهِمْ يُشْرِكُونَ

അവർ നിഷേധിക്കാൻ, നന്ദികെട്ടവരാകാൻ = لِيَكْفُرُوا

നാം അവർക്കു നൽകിയതുകൊണ്ട് (നൽകിയ അനുഗ്രഹത്തോട്)= بِمَا آتَيْنَاهُمْ

(യാഥാർഥ്യം) പിറകെ നിങ്ങൾ അറിയുന്നുണ്ട്= فَسَوْفَ تَعْلَمُونَ നിങ്ങൾ ആസ്വദിച്ചുകൊള്ളുവിൻ = فَتَمَتَّعُوا

ബഹുദൈവ വിശ്വാസികളുടെ പൊതു സ്വഭാവം വ്യക്തമാക്കുകയാണ്. ആളുകൾ പല ദൈവങ്ങ ളിൽ വിശ്വസിച്ച് പല മതക്കാരായി വർത്തിക്കുമ്പോഴും അവരുടെ ഉള്ളിന്റെ ഉള്ളിൽ 34-ാം സൂക്തം സൂചിപ്പിച്ച പ്രകൃതിപരമായ സത്യബോധം അടിച്ചമർത്തപ്പെട്ടു കി ടക്കുന്നുണ്ടാകും. എന്നാൽ ഒരു ദുരിതത്തിലകപ്പെട്ടാൽ, ആദ്യം പരദേവതകളെയും പുണ്യാത്മാക്കളെയുമൊക്കെ വിളിച്ചു നോക്കുമെങ്കിലും ആ ദൈവങ്ങളാരും അവരെ സഹായിക്കാനെത്തുന്നില്ലെന്നു കാണുമ്പോൾ, മനസ്സിൽ ഉറങ്ങിക്കിടക്കുന്ന ഏക പരമേശ്വര വിചാരം ഉണർന്നുവ രികയും അവനിൽ മാത്രം പ്രതീക്ഷയർപ്പിച്ച് അവനോ ട് താഴ്മയോടെ പ്രാർഥിക്കുകയും ചെയ്യുന്നു. എന്നിട്ട് അല്ലാഹു അവരോട് അൽപം കരുണ കാണിക്കുകയും ദുരിതമുക്തരാക്കുകയും ചെയ്താൽ ഉടനെ അവരിൽ ഒ രു വിഭാഗം തങ്ങളുടെ കൃത്രിമ ദൈവങ്ങളിലേക്കുതന്നെ മടങ്ങുകയായി. ഇന്നയിന്ന ദേവന്മാരുടെ, ദേവിമാരുടെ അ നുഗ്രഹം കൊണ്ടാണ്, അല്ലെങ്കിൽ ഇന്നയിന്ന പുണ്യാത്മാ ക്കളുടെ ഹഖ് കൊണ്ടും ജാഹ് കൊണ്ടും ബറകത്തുകൊ ണ്ടുമാണ് തങ്ങൾ ദുരിതമുക്തരായതെന്ന് ജൽപിക്കുകയും ചെയ്യുന്നു. لِيَكْفُرُوا بِمَا آتَيْنَاهُمْ എന്ന വാക്യത്തിന്റെ അർഥം നാം അവർക്ക് നൽകിയ അനുഗ്രഹങ്ങൾ നിഷേധിക്കാൻ വേണ്ടിയാണ് അവർ അല്ലാഹുവിന് പങ്കാളികളെ കൽപി ച്ച് അനുഗ്രഹദാനം അവരിലേക്ക് ചേർക്കുന്നതെന്നാവാം. അല്ലാഹുവിന് പങ്കാളികളെ കൽപിക്കുന്നതിന്റെ ഫലം അനുഗ്രഹമരുളിയ അല്ലാഹുവിനോട് നന്ദി കെട്ടവരാവു കയാണ് എന്നുമാവാം. ആളുകൾ അപകടമുണ്ടാക്കാൻ മദ്യപിച്ച് വണ്ടിയോടിക്കുന്നു എന്നു പറയുന്നതുപോലുള്ള ശൈലിയാണിത്. ഈ വ്യാഖ്യാനമാണ് കൂടുതൽ പ്രബല മായിട്ടുള്ളത്. മനുഷ്യന്റെ ഈ സ്വഭാവത്തെക്കുറിച്ച് മുമ്പ് പല സൂറകളിൽ ആവർത്തിച്ചുണർത്തിയിരിക്കുന്നു. ഉദാ: 10:22,23, 17:67, 29:65.

മുൻ സൂറകളിൽ പറയുന്നത് ആപത്തിൽനിന്ന് രക്ഷ പ്പെടുമ്പോൾ ജനം പൊതുവിൽ മുശ്രിക്കുകളാകുന്നു- إِذَا هُمْ يُشْرِكُونَ എന്നാണ്. ഇവിടെ പറയുന്നത് അവരിൽ ഒരു വിഭാഗം മുശ്രിക്കുകളാകുന്നു - إِذَا فَرِيقٌ مِّنْهُم بِرَبِّهِمْ يُشْرِكُونَ എന്നാണ്. മുഫസ്സിറുകൾ ഈ വ്യത്യാസത്തെ ഇങ്ങനെ വിശദീകരിച്ചിരിക്കുന്നു: മുൻ സൂക്തങ്ങൾ പരാമർശിക്കുന്ന ത് സമുദ്ര യാത്രയിൽ ആപത്തു നേരിടുന്നവരെയാണ്. ഒരു കപ്പലിൽ ഒന്നിച്ചു സഞ്ചരിക്കുന്നവർ മിക്കവാറും ഒരേ ഗോത്രക്കാരും ഒരേ വിശ്വാസക്കാരുമായിരിക്കും. ആപത്തു വരുമ്പോൾ അവരൊന്നിച്ച് തൗഹീദിലേക്ക് വരികയും ആപത്തകലകുമ്പോൾ ഒന്നിച്ച് ശിർക്കിലേക്ക് മടങ്ങുകയും ചെയ്യുന്നു. പ്രകൃത സൂക്തം സംസാരിക്കുന്നത് കരയിൽ വെച്ച് ദുരിതം നേരിടുന്നവരെക്കുറിച്ചാണ്. പൊതു സമൂ ഹത്തിൽ നിഷ്കളങ്കരായി സത്യദീനിൽ നിലകൊള്ളു ന്നവരുണ്ടാകും. ദീനിനെ പിന്തുടർന്ന് ബഹുദൈവ മത ങ്ങളുണ്ടാക്കി ആചരിക്കുന്ന കക്ഷികളുമുണ്ടായിരിക്കും. ആപത്തുണ്ടാകുമ്പോൾ എല്ലാവരും സാക്ഷാൽ ദൈവ ത്തോടുതന്നെ പ്രാർഥിക്കുന്നു. സത്യദീനിൽ നിലകൊ ണ്ടിരുന്നവർ ആപത്തകലുമ്പോൾ അതിൽ കൂടുതൽ രൂ ഢമൂലരാകുന്നു. ബഹുദൈവത്വം സ്വീകരിച്ച കക്ഷികൾ ആ മിഥ്യയിലേക്കുതന്നെ തിരിച്ചുപോകുന്നു.

فَتَمَتَّعُوا ശാസനാ ക്രിയ (فعل امر) ആണ്. എങ്കിലും അല്ലാഹുവിന്റെ അനുഗ്രഹങ്ങളോട് നന്ദികേട് കാണി ക്കാനും അതുവഴി ജഡിക സുഖങ്ങളാസ്വദിക്കാനും എന്നാ ണതിനർഥം. *അൽ അൻകബൂത്ത്* 66-ൽ لِيَكْفُرُوا بِمَا آتَيْنَاهُمْ وَلِيَتَمَتَّعُوا- 'നാം അവർക്കരുളിയ അനുഗ്രഹ ങ്ങളോട് നന്ദികേട് കാണിക്കാനും ജഡിക സുഖങ്ങളാ സ്വദിക്കാനും' എന്നു തന്നെ പ്രസ്താവിച്ചിരിക്കുന്നു. ഇ വിടെ താക്കീതും ഭീഷണിയുമായിട്ടാണ് ശാസനാ ക്രിയ ഉപയോഗിച്ചിരിക്കുന്നത്. ശിർക്കിന്റെയും കുഫ്റിന്റെയും അടിസ്ഥാന പ്രചോദനത്തെയും ഈ വാക്യം സൂചിപ്പി ക്കുന്നു. പ്രവാചകന്മാർ പ്രബോധനം ചെയ്യുന്ന ഏകദൈ വവിശ്വാസവും അവന്റെ ധർമശാസനകളും സ്വീകരിക്കു മ്പോൾ ക്ഷുദ്രമായ ദേഹേഛകളെയും ദുർവികാരങ്ങളെയും നിയന്ത്രിച്ചു ജീവിക്കേണ്ടിവരും. ശിലാവിഗ്രഹങ്ങളും പ്രതിഷ്ഠകളും മൺമറഞ്ഞ സിദ്ധന്മാരും മനുഷ്യരോട് ഒന്നും കൽപിക്കുന്നില്ല. അവ പൂജാ വഴിപാടുകളിലും ഉത്സവ കോലാഹലങ്ങളിലും പ്രസാദിച്ച് തങ്ങളുടെ ഭക്ത ന്മാരെ സംരക്ഷിച്ചുകൊള്ളും. ശരി, നിങ്ങൾ ഇങ്ങനെ വ്യാമോഹിച്ച് ഭൗതിക സുഖഭോഗങ്ങൾ ആവോളം ആസ്വ ദിച്ചു വാണുകൊള്ളുക. ആ വാഴ്വിന്റെ യാഥാർഥ്യവും അനന്തരഫലവും ഈ ജീവിതം അവസാനിക്കുന്നതോടെ നിങ്ങൾ അറിയുന്നുണ്ട് എന്ന് താക്കീതു ചെയ്യുകയാണ് فَسَوْفَ تَعْلَمُونَ എന്ന വാക്യം. പഠിക്കാൻ കൂട്ടാക്കാത്ത കുട്ടി യോട് അധ്യാപകൻ 'നന്നായി കളിച്ചു നടന്നോ, പരീക്ഷ വന്നാലറിയാം' എന്നു പറയുന്നതുപോലൊരു ശൈലി യാണിത്. ●

أَمْ أَنزَلْنَا عَلَيْهِمْ سُلْطَانًا فَهُوَ يَتَكَلَّمُ بِمَا كَانُوا بِهِ يُشْرِكُونَ ﴿٣٥﴾

35. അതല്ല അവർ കൈക്കൊള്ളുന്ന ബഹുദൈവവിശ്വാസം കൽപിക്കുന്ന വല്ല പ്രമാണവും നാം അവർക്ക് അവത രിപ്പിച്ചുകൊടുത്തിട്ടുണ്ടോ?

**35**

أَمْ أَنزَلْنَا عَلَيْهِمْ = നാം അവരുടെ മേൽ ഇറക്കിയിട്ടുണ്ടോ (അവർക്ക് അവതരിപ്പിച്ചുകൊടുത്തിട്ടുണ്ടോ?)

سُلْطَانًا = ഒരു (വല്ല) പ്രമാണവും فَهُوَ يَتَكَلَّمُ = അതു സംസാരിക്കുന്നു (കൽപിക്കുന്ന)

بِمَا كَانُوا بِهِ يُشْرِكُونَ = (കൈക്കൊള്ളുന്ന ബഹുദൈവവിശ്വാസം) അവർ പങ്കുചേർത്തു കൊണ്ടിരിക്കുന്നതിനെക്കുറിച്ച്

പറഞ്ഞുവരുന്ന വിഷയത്തിന്റെ മറ്റൊരു വശത്തേക്ക് ശ്രദ്ധ ക്ഷണിച്ചുകൊണ്ടുള്ള ചോദ്യത്തെക്കുറിക്കാനാണ് أَمْ ഉപയോഗിച്ചിരിക്കുന്നത്. അധികാരപത്രവും പ്രമാണവും തെളിവുമൊക്കെയാണ് سُلْطَان കൊണ്ട് ഇവിടെ ഉദ്ദേശിക്കുന്നത്. സൂക്തതാൽപര്യമിതാണ്: സർവജ്ഞനും സർവശക്തനും എല്ലാം അടക്കിവാഴുന്നവനുമായ പരമേശ്വരൻ നാം -അല്ലാഹു- ആണെന്ന് അവർ സമ്മതിക്കുന്നുണ്ടല്ലോ. അപ്പോൾ പിന്നെ അവർ അനുവർത്തിക്കുന്ന ബഹുദൈവ വിശ്വാസവും വിഗ്രഹാരാധനയും അനുശാസിക്കുന്ന വേദ പ്രമാണങ്ങൾ നാം അവർക്ക് അയച്ചിട്ടുണ്ടായിരിക്കണം. ബഹുദൈവ വിശ്വാസം കൽപിക്കുന്ന വല്ല വേദവും അവരുടെ കൈവശമുണ്ടോ? ഉണ്ടെങ്കിൽ അതൊന്ന് കാണിച്ചുതന്നാട്ടെ. ഇല്ലെങ്കിൽ നിങ്ങളുടെ നിലപാട് പരിഹാസ്യമായ മൗഢ്യമാകുന്നു എന്നതിന് അതുതന്നെ മതിയായ തെളിവാകുന്നു. ●

---

وَإِذَا أَذَقْنَا النَّاسَ رَحْمَةً فَرِحُوا بِهَا ۖ وَإِن تُصِبْهُمْ سَيِّئَةٌ بِمَا قَدَّمَتْ أَيْدِيهِمْ إِذَا هُمْ يَقْنَطُونَ ﴿٣٦﴾

36. മനുഷ്യരെ നാം ഒരനുഗ്രഹം ആസ്വദിപ്പിച്ചാൽ അവരതിൽ നിഗളിക്കുകയായി. അവരുടെ കരങ്ങൾ ചെയ്ത തിന്മയുടെ ഫലമായി വല്ല ദോഷവും ബാധിച്ചാലോ, അവരതാ ഭഗ്നാശരാകുന്നു.

**36**

وَإِذَا أَذَقْنَا النَّاسَ = മനുഷ്യരെ നാം ആസ്വദിപ്പിച്ചാൽ رَحْمَةً = ഒരു കാരുണ്യം, അനുഗ്രഹം

فَرِحُوا بِهَا = അവരതുകൊണ്ട്(തിൽ) നിഗളിക്കുകയായി وَإِن تُصِبْهُمْ سَيِّئَةٌ = അവരെ വല്ല ദോഷവും ബാധിച്ചാൽ(ലോ)

بِمَا قَدَّمَتْ أَيْدِيهِمْ = അവരുടെ കരങ്ങൾ മുന്തിച്ചതുകൊണ്ട് (ചെയ്ത തിന്മയുടെ ഫലമായി)

إِذَا هُمْ يَقْنَطُونَ = അവരതാ ഭഗ്നാശരാകുന്നു

ദൈവാനുഗ്രഹത്താൽ സൗഭാഗ്യങ്ങളുണ്ടാകുമ്പോൾ അതു നൽകിയ നാഥനോട് നന്ദിയും കൂറും വിനയവുമുള്ളവരായി വർത്തിക്കുകയും ദുരിതങ്ങളും ക്ലേശങ്ങളും ഉണ്ടാകുമ്പോൾ അത് അല്ലാഹുവിങ്കൽനിന്നുള്ള പരീക്ഷണമായി കരുതി ക്ഷമയോടെ, സഹനത്തോടെ നേരിടുകയുമാണ് മനുഷ്യർ ചെയ്യേണ്ടത്. പക്ഷേ, ഭാഗ്യനിർഭാഗ്യങ്ങളെ ഈ രീതിയിൽ സമീപിക്കുന്ന ആളുകൾ വളരെ കുറവാണ്. സൗഭാഗ്യങ്ങളുണ്ടാകുമ്പോൾ അത് തന്റെ യോഗ്യതകൾ കൊണ്ടും സാമർഥ്യം കൊണ്ടും മാത്രം നേടിയതാണെന്ന്, അല്ലെങ്കിൽ തന്റെ ജന്മമഹത്വം കൊണ്ട് ലഭിച്ചതാണെന്ന് കരുതി ആഹ്ലാദിക്കുകയും അഹങ്കരിക്കുകയുമാണ് അധികമാളുകളും ചെയ്യുക. ആപത്തുകൾ നേരിട്ടാലോ അവർ തികച്ചും അക്ഷമരും നിരാശരും അപകൃഷ്ടരുമായി ഭവിക്കുന്നു. മനുഷ്യരുടെ പൊതു സ്വഭാവമായിട്ടാണിത് പറയുന്നതെങ്കിലും അവതരണ പശ്ചാത്തലം ഖുറൈശികളെ ഉന്നംവെച്ചിരുന്നു. സ്വന്തം ആഢ്യത്വത്തിലും സമ്പന്നതയിലും ജനസ്വാധീനത്തിലുമൊക്കെ അമിതമായി ഊറ്റം കൊണ്ടിട്ടാണല്ലോ അവർ പ്രവാചകനെയും വിശ്വാസിസമൂഹത്തെയും ആക്രമിച്ചുകൊണ്ടിരുന്നത്. അവരെ ഉണർത്തുകയാണ്: അല്ലാഹു നൽകിയ അനുഗ്രഹങ്ങളുടെ പേരിലാണ് നിങ്ങൾ അവന്റെ മുന്നിൽ അഹങ്കരിക്കുന്നത്. നിങ്ങളിലേക്കൊഴുകുന്ന അനുഗ്രഹധാര ഏതു നിമിഷവും നിർത്തലാക്കൽ അവന് ഒരു പ്രയാസവുമില്ല. അവൻ അങ്ങനെ ചെയ്താൽ അതോടെ നിങ്ങളുടെ ഊറ്റവും തേറ്റയുമെല്ലാം പൊഴിഞ്ഞുപോകും. നിങ്ങൾ നിരാശരും ആർത്തരുമായി മാറും.

بِمَا قَدَّمَتْ أَيْدِيهِمْ (അവരുടെ കരങ്ങൾ പ്രവർത്തിച്ചതിനാൽ) എന്ന വാക്യം മനുഷ്യൻ അനുഭവിക്കേണ്ടിവരുന്ന ആപത്തുകളുടെയും ദുരിതങ്ങളുടെയും മുഖ്യ കാരണം അവന്റെ തന്നെ കർമ ദോഷങ്ങളാണെന്ന് സൂചിപ്പിക്കുന്നു. ഒന്നുകിൽ അവൻ നേരിട്ടു ചെയ്ത തിന്മകളുടെ, അല്ലെങ്കിൽ മറ്റുള്ളവർ ചെയ്ത തിന്മകളുടെ ഫലമാണത്. മനുഷ്യന്റെ പല ദുഷ്ചെയ്തികളുടെയും ഫലം പലപ്പോഴും അതു ചെയ്തവരേക്കാൾ അനുഭവിക്കേണ്ടിവരുന്നത് മറ്റുള്ളവരാണ്. യുദ്ധം, പരിസ്ഥിതി നശീകരണം തുടങ്ങിയവ ഉദാഹരണം. അത് സുന്നത്തുല്ലാഹിയുടെ -പ്രകൃതി നിയമത്തിന്റെ- ഭാഗമാണ്. ദുഷ്ടന്മാരുടെ ദുഷ്ടതകളിലൂടെ പ്രവാചകവര്യന്മാരും സത്യവിശ്വാസികളും പരീക്ഷിക്കപ്പെടുക എന്നതും സുന്നത്തുല്ലാഹിയിൽ പെട്ടതാകുന്നു. നന്മ തിന്മകൾ സംഭവിക്കുന്നത് മനുഷ്യന്റെ പ്രവർത്തനങ്ങളുടെ ഫലമായിട്ടു മാത്രമല്ല, അല്ലാഹുവിന്റെ യുക്തിയുടെയും ജ്ഞാനത്തിന്റെയും താൽപര്യമായിട്ടുകൂടിയാണ്. നന്മതിന്മകളുടെ ആത്യന്തിക സ്രോതസ്സ് ദൈവേഛയാകുന്നു എന്നത് ഇസ്‌ലാമിന്റെ അടിസ്ഥാന പ്രമാണങ്ങളിലൊന്നാണ്. ●